**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 407**

**27/09/2011-ൽ മറുപടിക്ക്**

**'മാരാരി മഷ്റൂം' പദ്ധതി**

**ചോദ്യം**

**ശ്രീ. ആർ. രാജേഷ്**

'മാരാരി മഷ്റൂം' പദ്ധതിയുടെ പുരോഗതി വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**ഉത്തരം**

**ഡോ. എം. കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)**

പദ്ധതി പുരോഗതി വിലയിരുത്തി യിട്ടുണ്ട്. ജില്ലാതലത്തിലും സംസ്ഥാനതല ത്തിലും പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് പ്രതിമാസ അവലോകനം നടത്തി വരുന്നു. ഇതു കൂടാതെ മാരാരിക്കുളം തെക്ക്, കഞ്ഞിക്കുഴി എന്നീ പഞ്ചായത്തുകളിൽ പഞ്ചായത്തു തലത്തിൽ പ്രസിഡന്റ് ഉൾപ്പെടെ 12 അംഗങ്ങളുടെ മേൽനോട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇവർ യോഗം ചേരുകയും യൂണിറ്റുകളുടെ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻസ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേൽനോട്ടത്തിൽ ഗുണഭോക്താക്കൾക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനു വേണ്ട പരിശീലനം നൽകി വരുന്നു. ആകെ 300 പേർക്ക് പരിശീലനം നൽകാൻ ഉദ്ദേശിച്ചിരുന്നു. ഇതിൽ ഒന്നാം ഘട്ടമായി 234 പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. രണ്ടാംഘട്ട പരിശീലന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുവരെ 11 മഷ്റൂം യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചു. 29 യൂണിറ്റുകൾ സെറ്റ് ചെയ്യുന്നതിനായി ബാങ്ക് ലോണിന് അപേക്ഷ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കൂൺകൃഷിയിൽ കൂടുതൽ പരിജ്ഞാനം നൽകുന്നതിന് ഒരു കൃഷിവിജ്ഞാന കേന്ദ്രവും ഇതിനു പുറമേ, ടി യൂണിറ്റുകൾക്ക് ആവശ്യമായ കൂൺ വിത്തുകൾ വികസിപ്പിച്ചു നൽകുന്നതിനായി ഒരു സ്പോൺ യൂണിറ്റും ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്ത് കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു. പ്രാദേശിക വിപണി, ഏജന്റുകൾ, പി.ഡി.എസ് സ്റ്റാളുകൾ എന്നിവ വഴി മഷ്റൂം വിപണനം നടത്തുന്നു. സ്പോൺ യൂണിറ്റിൽ അധികമായി വരുന്ന സ്പോൺ പ്രാദേശിക കൂൺ കർഷകർക്ക് നൽകുന്നതിനുള്ള സംവിധാനവും ഉണ്ട്.

സെക്ഷൻ ഓഫീസർ